വനംകടികൾക്ക് പഞ്ചായത്തുനികുതികൾ.

*230. [46] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംകടികൾക്ക് പഞ്ചായത്തുനികുതികൾ കൊടുക്കുവാനുള്ള ബാദ്ധ്യതയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് ഈടാക്കുവാനുള്ള മാർഗ്ഗമെന്താണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ടി. കൊച്ചുകുട്ടൻ):

(എ) ഏതെങ്കിലും പഞ്ചായത്തിന്റെ പരിധിയിലുള്ള ലാണ് വനംകടികൾ സ്ഥിതിചെയ്യുന്നതെങ്കിൽ അവയ്ക്ക് നികുതി കൊടുക്കേണ്ട ബാദ്ധ്യതയുണ്ട്.

(ബി) മറ്റു വീടുകളുടെ കാര്യത്തിലെന്നപോലെ നികുതി അടയ്ക്കുന്നതിനു് നോട്ടീസു് അയക്കാവുന്നതും നികുതി നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കപ്പെടാതിരുന്നാൽ അതു് റവന്യൂ റിക്കവറി ആക്ടിന്റെ പ്രകാരം ഈടാക്കാവുന്നതുമാണ്.

പുതിയ ആയുർവ്വേദാശുപത്രികളും, ഡിസ്പെൻസറികളും.

*231. [47] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ നമ്മുടെ സംസ്ഥാനത്തിൽ എത്ര പുതിയ ആയുർവ്വേദാശുപത്രികളും, ഡിസ്പെൻസറികളും തുടങ്ങുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) ആയുർവ്വേദാശുപത്രികളോ, ഡിസ്പെൻസറികളോ ഉള്ള സ്ഥലത്തുൽ അതിനു കൂടുതൽ പണച്ചെലവുള്ള അലോപ്പതി ചികിത്സാസംപ്രദായത്തിൽനിന്നു് ക്രമേണ അകന്നുകൊണ്ടിരിക്കയാണെന്നുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെലവു് ചുരുങ്ങിയതും, പ്രയോജനപ്രദവും, ജനങ്ങൾ ആഗ്രഹിക്കുന്നതുമായ ഒരു ചികിത്സാസംപ്രദായം എന്ന നിലയ്ക്കു് കൂടുതൽ ആയുർവ്വേദാശുപത്രികൾ സ്ഥാപിക്കേണ്ടതാണെന്നു് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഒരു ആയുർവ്വേദാശുപത്രി സ്ഥാപിച്ചുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് വൈക്കത്തുനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഇ) അതിന്മേൽ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 12 ഡിസ്പെൻസറികളും, ഒരു ആശുപത്രിയും പുതിയതായും, രണ്ടു നിലവിലിരിക്കുന്ന ഡിസ്പെൻസറികളെ ആശുപത്രിയാക്കി ഉയർത്താനും തീരുമാനിച്ചിട്ടുണ്ടു്.

(ബി) ധാരാളം രോഗികൾ ആയുർവ്വേദാശുപത്രികളിൽനിന്നും, ഡിസ്പെൻസറികളിൽനിന്നും മരുന്നു കൊണ്ടുപോകുന്നുണ്ടെന്നുള്ളതു് അറിയാം.

LIBRARY ARCHIVES Kerala Legislative Assembly